പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 219

# 2013-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 219

# 2013-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

690/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 219

# 2013-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2\. 2-ാം വകുപ്പിനുള്ള ഭേദഗതി.—1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിലെ (1981-ലെ 10), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, "ഒരു ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ" എന്ന വാക്കുകൾക്കുപകരം "ഒരു ഫിഷറീസ് ജോയിന്റ് ഡയറക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിന് പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(i) 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്റ്റിലെ (1958-ലെ 44-ാം കേന്ദ്ര ആക്റ്റ്) 435-സി വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു മത്സ്യബന്ധനയാനം.".

3\. 9-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "1972-ലെ മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ആക്റ്റിന്റെ (1972-ലെ 13-ാം കേന്ദ്ര ആക്റ്റ്) 11-ാം വകുപ്പ്" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്റ്റിലെ (1958-ലെ 44-ാം കേന്ദ്ര ആക്റ്റ്) 435-സി വകുപ്പ്" എന്ന അക്കങ്ങളും വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ii) (3)-ാം ഉപവകുപ്പിൽ, "അപ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അത്തരം മാതൃകയിൽ അദ്ദേഹം സൂക്ഷിക്കേണ്ടുന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്'' എന്ന വാക്കുകൾക്ക് പകരം ''അപേക്ഷകൻ സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി അതിന്റെ ശരിപ്പകർപ്പിൽ സമ്മതിച്ചെഴുതിക്കൊടുക്കേണ്ടതും ആയത് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതുമാണ്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (6)-ാം ഉപവകുപ്പിന് ശേഷം ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) ഒരു മത്സ്യബന്ധനയാനത്തിൽ വരുത്തിയ എല്ലാ മാറ്റങ്ങളും ആ മത്സ്യബന്ധനയാനം ആരാൽ രജിസ്റ്റർ ചെയ്യപ്പെട്ടോ ആ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മാറ്റങ്ങൾ സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ അദ്ദേഹത്തെക്കൊണ്ട് വരുത്തിക്കേണ്ടതു മാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1972-ലെ മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ആക്റ്റി (1972-ലെ 13-ാം കേന്ദ്ര ആക്റ്റ്) ലേയും 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റി (1981-ലെ 10) ലേയും വ്യവസ്ഥകൾ പ്രകാരമാണ് മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ നടത്തിവരുന്നത്. 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്റ്റിൻകീഴിൽ എല്ലാ മത്സ്യബന്ധനയാനങ്ങളും രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് ഇപ്പോൾ കേന്ദ്ര സർക്കാർ 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്റ്റിൽ (1958-ലെ 44-ാം കേന്ദ്ര ആക്റ്റ്) ഭേദഗതി വരുത്തിയിട്ടുണ്ട്. അതുകൊണ്ട് മത്സ്യബന്ധന ബോട്ടുകളുടെ രജിസ്ട്രേഷനായി ലളിതവും കൂടുതൽ കാര്യക്ഷമവുമായ ഒരു സംവിധാനം ആവശ്യമായിത്തീർന്നിരിക്കുന്നു. ഇതിനായി, മത്സ്യബന്ധനയാനങ്ങൾ ഒരു ഏകീകൃത മാതൃകയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഭാരത സർക്കാർ 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്റ്റ് പ്രകാരം മത്സ്യബന്ധനയാനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ രീതി പരിഷ്കരിക്കുകയും മത്സ്യബന്ധനയാനങ്ങളുടെ എല്ലാ പുതിയ രജിസ്ട്രേഷനും പരിഷ്കരിച്ച രജിസ്ട്രേഷൻ മാതൃകയിലായിരിക്കണം എന്ന് സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറിനുപകരം ഫിഷറീസ് ജോയിന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അഡ്ജുഡിക്കേറ്റിംഗ് ഓഫീസറായി അധികാരപ്പെടുത്തുന്നതിന് കൂടി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിൽ അനുയോജ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

കെ. ബാബു.

(ശരിത്തർജ്ജമ)

## 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1981-ലെ 10)

** ** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അഡ്ജുഡിക്കേറ്റിംഗ് ഓഫീസർ" എന്നാൽ വിജ്ഞാപനത്തിൽ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള പ്രദേശത്ത് ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലപ്പെടുത്തപ്പെട്ട കടമകൾ നിർവ്വഹിക്കുന്നതിനുമായി ഗസറ്റ് വിജ്ഞാപനം മുഖേന സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത മത്സ്യബന്ധന വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

** ** ** ** **

(ജി) "രജിസ്റ്റർ ചെയ്ത മത്സ്യബന്ധനയാനം" എന്നാൽ—

(i) 1972-ലെ മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ആക്റ്റ് (1972-ലെ 13-ാം കേന്ദ്ര ആക്റ്റ്)-ന്റെ 11-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു മത്സ്യബന്ധനയാനം; അല്ലെങ്കിൽ

(ii) 9-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു മത്സ്യബന്ധനയാനം;

** ** ** ** **

9. യാനങ്ങളുടെ രജിസ്ട്രേഷൻ.—(1) മത്സ്യബന്ധന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതോ ആയതും സംസ്ഥാനത്ത് സൂക്ഷിക്കുന്നതും എന്നാൽ 1972-ലെ മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ആക്റ്റി (1972-ലെ 13-ാം കേന്ദ്ര ആക്റ്റ്)-ന്റെ 11-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ ഓരോ യാനത്തിന്റെയും ഉടമസ്ഥൻ അത്തരം യാനം ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്.

** ** ** ** **

(3) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെട്ട മാതൃകയിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അദ്ദേഹം രജിസ്റ്റർ ചെയ്ത യാനത്തിന്റെ ഉടമസ്ഥന് നൽകേണ്ടതും അത്തരം സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അത്തരം മാതൃകയിൽ അദ്ദേഹം സൂക്ഷിക്കേണ്ടുന്ന ഒരു രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

** ** ** ** **

(6) രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു മത്സ്യബന്ധനയാനം അല്ലാതെയുള്ള ഒരു യാനത്തിനും 6-ാം വകുപ്പ് പ്രകാരമുള്ള ഒരു ലൈസൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

** ** ** ** **